**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 305** | **16-09-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്ര റേഷൻ കടകളാണ് നിലവിലുള്ളതെന്ന് ജില്ല, താലൂക്ക് എന്നിവ തിരിച്ച് അറിയിക്കാമോ; ആയതിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര എണ്ണമാണെന്നു അറിയിക്കാമോ; | (എ) സംസ്ഥാനത്ത് ആകെ 13869 ന്യായവിലകടകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 3642 ന്യായവിലകടകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണ്. ജില്ലയും താലൂക്കും തിരിച്ചുള്ള വിവരം **അനുബന്ധമായി** ചേർക്കുന്നു. |

**അനുബന്ധം**

**സംസ്ഥാനത്തെ ന്യായവിലകടകളുടെ ജില്ലയും താലൂക്കും തിരിച്ചുള്ള വിവരങ്ങൾ**

| **ജില്ല** | **താലൂക്ക്** | **നിലവിൽ ഉള്ള കടകൾ** | **സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ** |
|---|---|---|---|
| തിരുവനന്തപുരം | നെയ്യാറ്റിൻകര | 392 | 100 |
| | കാട്ടാക്കട | 189 | 60 |
| | നെടുമങ്ങാട് | 334 | 111 |
| | സി.ആർ.ഒ നോർത്ത് | 103 | 28 |
| | സി.ആർ.ഒ സൗത്ത് | 127 | 50 |
| | തിരുവനന്തപുരം | 319 | 82 |
| | ചിറയിൻകീഴ് | 198 | 62 |
| | വർക്കല | 142 | 43 |
| **ആകെ** | | **1804** | **536** |
| കൊല്ലം | കൊല്ലം | 402 | 137 |
| | കൊട്ടാരക്കര | 339 | 177 |
| | കരുനാഗപ്പള്ളി | 248 | 79 |
| | കുന്നത്തൂർ | 130 | 52 |
| | പത്തനാപുരം | 97 | 50 |
| | പുനലൂർ | 164 | 59 |
| **ആകെ** | | **1380** | **554** |
| പത്തനംതിട്ട | അടൂർ | 165 | 68 |
| | കോന്നി | 141 | 55 |
| | കോഴഞ്ചേരി | 137 | 52 |

| | | | |
|---|---|---|---|
| | മല്ലപ്പള്ളി | 87 | 48 |
| | റാന്നി | 118 | 49 |
| | തിരുവല്ല | 131 | 38 |
| **ആകെ** | | **779** | **310** |
| ഇടുക്കി | തൊടുപുഴ | 154 | 38 |
| | ഉടുമ്പൻചോല | 153 | 40 |
| | പീരുമേട് | 127 | 38 |
| | ഇടുക്കി | 128 | 36 |
| | ദേവികുളം | 116 | 31 |
| **ആകെ** | | **678** | **183** |
| ആലപ്പുഴ | അമ്പലപ്പുഴ | 198 | 56 |
| | കുട്ടനാട് | 114 | 63 |
| | ചേർത്തല | 288 | 108 |
| | കാർത്തികപ്പള്ളി | 254 | 97 |
| | മാവേലിക്കര | 219 | 79 |
| | ചെങ്ങന്നൂർ | 126 | 51 |
| **ആകെ** | | **1199** | **454** |
| കോട്ടയം | കോട്ടയം | 261 | 75 |
| | ചങ്ങനാശ്ശേരി | 146 | 46 |
| | കാഞ്ഞിരപ്പള്ളി | 136 | 46 |
| | മീനച്ചിൽ | 205 | 48 |
| | വൈക്കം | 174 | 49 |
| **ആകെ** | | **922** | **264** |
| എറണാകുളം | കണയന്നൂർ | 155 | 28 |
| | ആലുവ | 208 | 73 |
| | നോർത്ത് പറവൂർ | 149 | 39 |
| | മൂവാറ്റുപുഴ | 154 | 46 |
| | കോതമംഗലം | 122 | 23 |
| | കുന്നത്തുനാട് | 227 | 49 |
| | സിറ്റി റേഷനിംഗ് ഓഫീസ് കൊച്ചി | 96 | 7 |
| | സിറ്റി റേഷനിംഗ് ഓഫീസ് എറണാകുളം | 58 | 25 |
| | കൊച്ചി താലൂക്ക് | 84 | 31 |
| **ആകെ** | | **1253** | **321** |
| തൃശ്ശൂർ | തൃശ്ശൂർ | 274 | 76 |
| | തലപ്പള്ളി | 129 | 37 |
| | കുന്നംകുളം | 103 | 40 |

| | | | |
|---|---|---|---|
| | ചാവക്കാട് | 184 | 16 |
| | മുകുന്ദപുരം | 154 | 70 |
| | ചാലക്കുടി | 187 | 58 |
| | കൊടുങ്ങല്ലൂർ | 126 | 30 |
| **ആകെ** | | **1157** | **327** |
| പാലക്കാട് | ആലത്തൂർ | 165 | 37 |
| | ചിറ്റൂർ | 163 | 60 |
| | മണ്ണാർക്കാട് | 157 | 42 |
| | ഒറ്റപ്പാലം | 149 | 37 |
| | പാലക്കാട് | 167 | 48 |
| | പട്ടാമ്പി | 135 | 20 |
| **ആകെ** | | **936** | **244** |
| മലപ്പുറം | നിലമ്പൂർ | 225 | 30 |
| | ഏറനാട് | 177 | 6 |
| | പെരിന്തൽമണ്ണ | 171 | 21 |
| | പൊന്നാനി | 128 | 1 |
| | കൊണ്ടോട്ടി | 121 | 7 |
| | തിരൂരങ്ങാടി | 152 | 4 |
| | തിരൂർ | 267 | 18 |
| **ആകെ** | | **1241** | **87** |
| കോഴിക്കോട് | സിറ്റി റേഷനിംഗ് ഓഫീസ് (സൗത്ത്) | 84 | 7 |
| | സിറ്റി റേഷനിംഗ് ഓഫീസ് (നോർത്ത്) | 72 | 13 |
| | താമരശേരി | 123 | 18 |
| | കോഴിക്കോട് | 210 | 22 |
| | കൊയിലാണ്ടി | 251 | 28 |
| | വടകര | 218 | 23 |
| **ആകെ** | | **958** | **111** |
| വയനാട് | സുൽത്താൻ ബത്തേരി | 122 | 37 |
| | മാനന്തവാടി | 99 | 11 |
| | വൈത്തിരി | 92 | 12 |
| **ആകെ** | | **313** | **60** |
| കണ്ണൂർ | കണ്ണൂർ | 192 | 14 |
| | തലശ്ശേരി | 250 | 41 |
| | പയ്യന്നൂർ | 119 | 24 |
| | തളിപ്പറമ്പ് | 180 | 35 |
| | ഇരിട്ടി | 118 | 18 |

| | | | |
|---|---|---|---|
| **ആകെ** | | **859** | **132** |
| കാസർഗോഡ് | കാസർഗോഡ് | 104 | 30 |
| | ഹൊസ്ദുർഗ് | 147 | 16 |
| | വെള്ളരിക്കുണ്ട് | 70 | 9 |
| | മഞ്ചേശ്വരം | 69 | 4 |
| **ആകെ** | | **390** | **59** |
| **സംസ്ഥാനത്ത് ആകെ** | | **13869** | **3642** |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും കെ സ്റ്റോറുകളാക്കാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അതിനായി കടയുടമകൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ ; | (ബി) | റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻകട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായാണ് കെ-സ്റ്റോർ എന്ന പദ്ധതി ആവിഷ്കരിച്ചത്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടുഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/- രൂപ വരെ AEPS (Aadhar Enabled Payment System) മുഖേന പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും ഘട്ടം ഘട്ടമായി കെ-സ്റ്റോറുകളായി പരിവർത്തനം ചെയ്യണമെന്നാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | സംസ്ഥാനത്ത് പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (സി) | പുതിയ റേഷൻകടയിൽ ലഭിക്കാവുന്ന കാർഡുകളുടെ എണ്ണം, പോർട്ടബിലിറ്റി ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ പുതിയ റേഷൻകടയുടെ ആവശ്യകതയുണ്ടോ, പുതിയ കട ആരംഭിച്ചാൽ ചുറ്റുപാടുമുള്ള മറ്റ് കടകളുടെ വില്പനയെ ബാധിക്കുമോ, സമീപത്തുള്ള മറ്റ് കടകളിലെ കഴിഞ്ഞ 3 മാസത്തെ കമ്മീഷൻ എന്നിവ പരിശോധിച്ച് പ്രദേശത്തു ഒരു റേഷൻകട കൂടി അത്യാവശ്യമാണോ എന്ന് പരിശോധിച്ച് ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പുതിയ റേഷൻ കടയ്ക്കുള്ള അപേക്ഷ പരിഗണിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ